**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 719** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് തങ്ങളുടെ നിക്ഷേപം യഥാസമയം തിരിച്ചുലഭിക്കുന്നതിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കേരള സംസ്ഥാന സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള ഗ്യാരണ്ടി പരിധി രണ്ട് ലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷം രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ തത്വത്തിൽ അനുമതി നൽകുകയും ആയത് പ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.<br><br>പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങൾ / ബാങ്കുകൾ എന്നിവയെ സഹായിക്കുന്നതിലേക്കായി ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതാണ്. |
| (ബി) | ചില സഹകരണ ബാങ്കുകൾ കാട്ടുന്ന അനാസ്ഥമൂലം സഹകരണ മേഖലയ്ക്കെതിരെ ജനങ്ങളെ തിരിക്കാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സഹകരണ മേഖലയെ തകർക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും, ആയതിലെ യാഥാർത്ഥ്യം പൊതുജനങ്ങളെയും നിക്ഷേപകരേയും ബോധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രമുഖ സഹകാരികളുടെ നേതൃത്വത്തിൽ അംഗങ്ങളുടെ ഭവന സന്ദർശനം, സഹകാരി സംഗമം എന്നിവ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ